കേരളകൗമുദി

23 July 2018

# തീരദേശ വികസനം: പരിസ്ഥിതി ആഘാത പഠനം വേണമെന്ന് ഡോ. ബാബുപോൾ

കൊച്ചി: തീരദേശ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ കടലിന്റെ ആവാസവ്യവസ്ഥയെ എങ്ങനെ ബാധിക്കുന്നുവെന്നതിനെക്കുറിച്ച് പഠനം നടത്തണമെന്ന് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ഡി. ബാബുപോൾ പറഞ്ഞു. ഐ.സി.എ. ആറിന്റെ ദേശീയ പുരസ്കാരങ്ങൾ നേടിയ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) ഗവേഷകരെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്ന അദ്ദേഹം. ഐ.സി.ഐ.ആർ ദേശീയ പുരസ്കാരങ്ങൾ ലഭിച്ച സി.എം.എഫ്.ആർ.ഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തി (റാഫി അഹമദ് കിദ്വായ് പുരസ്കാരം), സയന്റിസ്റ്റ് ഡോ എൽദോ വർഗീസ് (മികച്ച യുവ ശാസ്ത്രജ്ഞൻ), ടെക്നിക്കൽ അസിസ്റ്റന്റ് അനശ്രീ.വി.നായർ (മികച്ച ഡോക്ടറൽ പ്രബന്ധത്തിനുള്ള ജവഹർലാൽ നെഹ്റു പുരസ്കാരം), അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ ഓഫീസർ ഇ.കെ ഉമ (രാജർഷി ടാൻഡൻ പുരസ്കാരം) എന്നിവരെ ആദരിച്ചു. ഡോ.മോഹൻജോസഫ് മോഡയിൽ, ഡോ.വി.എൻ പിള്ള, ഡോ.എ.ഗോപാലകൃഷ്ണൻ, ഡോ.ടി.വി. സത്യാനന്ദൻ എന്നിവർ പ്രസംഗിച്ചു.